**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3482 — 25. 06. 2012 - ൽ മറുപടിക്ക്

## അഴിമതി തടയുന്നതിന് വിജിലൻസ് വകുപ്പിന്റെ കർമ്മപദ്ധതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.അച്ചുതൻ :<br>ശ്രീ.വി.ഡി.സതീശൻ :<br>ശ്രീ.വി.റ്റി.ബൽറാം :<br>ശ്രീ.വർക്കല കഹാർ : | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി. |
| (എ) അഴിമതി തടയുന്നതിന് വിജിലൻസ് വകുപ്പ് എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; | (എ ) അഴിമതി തടയുന്നതിന്റെ ഭാഗമായി ഓരോ ജില്ലയിലെയും അഴിമതി നിരോധന വകുപ്പ് യൂണിറ്റ് മേധാവികളുടെ മേൽ വിലാസവും ടെലഫോൺ നമ്പരുകളും എല്ലാ സർക്കാർ ഓഫീസുകളിലും പ്രദർശിപ്പിച്ചിട്ടുണ്ട്. പൊതുജനങ്ങളുമായി കൂടുതൽ സമ്പർക്കം പുലർത്തുന്ന ഓഫീസുകൾ കേന്ദ്രീകരിച്ച് സംസ്ഥാന തലത്തിൽ മിന്നൽ പരിശോധനകൾ നടത്തി വരുന്നു. ഇത്തരം മിന്നൽ പരിശോധനകൾ സർക്കാർ ആഫീസുകളിലെ പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യമാക്കുന്നതിനും ഖജനാവിന് ഉണ്ടാകാവുന്ന ധനനഷ്ടം ഒഴിവാക്കുന്നതിനുമുള്ള നടപടികൾ എടുക്കുന്നതിനും സഹായകരമായിട്ടുണ്ട്. അഴിമതിക്കാരായ ഉദ്യോഗസ്ഥരെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് പരിശോധിച്ച് വിശകലനം ചെയ്യുന്നതിന് പോലീസ് സൂപ്രണ്ടിന്റെ ( ഇന്റലിജൻസ്) മേൽനോട്ടത്തിൽ ഇന്റലിജൻസ് വിഭാഗത്തെ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു. കൈക്കൂലി ചോദിച്ച് വാങ്ങുന്നവരെ കൈയ്യോടെ പിടികൂടുന്നതിനായി പ്രത്യേക നടപടികൾ സ്വീകരിച്ച് വരുന്നു. |

(ബി) ഇതിനായി വിവിധ വകുപ്പുകളിലെ വിജില ൻസ് വിഭാഗങ്ങളെ ഏകോപിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ;

(സി) എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരി ക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

(ബി) യും (സി) യും

അഴിമതി തടയുന്നതിന് വിവിധ വകുപ്പുകളെ ഏകോപിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചു വരു ന്നു. ഇതിലേയ്ക്കായി സർക്കാർ ഉദ്യോഗസ്ഥരെയും പൊതു മേഖലാ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥ രെയും കുറിച്ച് പൊതുവായ നിരീക്ഷണത്തിനും വിവരശേഖരണത്തിനുമായി അതാത് വകുപ്പുക ളിലേയും പൊതുമേഖലാ സ്ഥാപനങ്ങളിലെയും വിജിലൻസ് ഓഫീസർമാർ ശേഖരിക്കുന്ന വിവര ങ്ങളുടെ പകർപ്പ് സർക്കാരിലേയ്ക്കും അതത് വകുപ്പ് തലവൻമാർക്കും അയയ്ക്കുന്നതോടൊപ്പം തന്നെ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിലേയ്ക്കും അയച്ച് തരുന്നതിന് നിർദ്ദേശം നൽകാനും ഇത്തരത്തിലുള്ള വിവരങ്ങളിൻമേൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ മുഖേന അന്വേഷണം നടത്താനും തുടർ നടപടി കൾ കൈക്കൊള്ളുന്നതിനുമുള്ള മാർഗ്ഗ രേഖ കൾ സർക്കാരിന് വിജിലൻസ് ഡയറക്ടർ സമർ പ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 03.05.2012 - ൽ സർക്കാർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

സെക്ഷൻ ആഫീസർ